(ബി & സി) 1-4-2016 മുതൽ അങ്കണവാടി വർക്കർമാരുടെ ഓണറേറിയം 10,000 രൂപയായും ഹെൽപ്പർമാരുടെ ഓണറേറിയം 7,000 രൂപയായും വർദ്ധിപ്പിക്കുന്ന വിഷയം പരിശോധിച്ചുവരുന്നു.

ആശ്വാസകിരണം പദ്ധതി

333(1712) ശ്രീ. എ. കെ. ബാലൻ :
ശ്രീ. പി. കെ. ഗുരുദാസൻ :
ശ്രീ. പി. ടി. എ. റഹീം :
ശ്രീമതി കെ. എസ്. സലീഖ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആശ്വാസകിരണം പദ്ധതിയുടെ അവലോകനം നടത്തിയിട്ടുണ്ടോ;

(ബി) പ്രസ്തുത പദ്ധതി പ്രകാരം നൽകിവരുന്ന ആനുകൂല്യങ്ങൾ എന്തൊക്കെയാണ്, ആനുകൂല്യ വിതരണത്തിൽ കുടിശ്ശികയുണ്ടോ; വിശദാംശം നൽകാമോ;

(സി) പ്രസ്തുത പദ്ധതി പ്രകാരം ലഭിച്ചിട്ടുള്ള അപേക്ഷകളിന്മേൽ തീരുമാനം കൈക്കൊള്ളുന്നത് ആരാണ്, നിലവിൽ തീർപ്പ് കല്പിക്കപ്പെടാതെ കിടക്കുന്ന അപേക്ഷകളുടെ വിശദാംശം ലഭ്യമാക്കാമോ?

ഉത്തരം

(എ) ആശ്വാസകിരണം പദ്ധതിയുടെ അവലോകനം കേരള സാമൂഹ്യ സുരക്ഷാ മിഷൻ തലത്തിൽ നടത്താറുണ്ട്.

(ബി) ഒരു മുഴുവൻ സമയ പരിചാരകന്റെ സേവനം ആവശ്യമായ വിധം കിടപ്പിലായ രോഗികളെയും തീവ്രമായ ശാരീരിക-മാനസിക വെല്ലുവിളി നേരിടുന്നവരെയും അവരുടെ ഭവനങ്ങളിൽ പരിചരിക്കുന്നവർക്ക് പ്രതിമാസം 525 രൂപ നിരക്കിൽ ധനസഹായം നൽകി വരുന്ന പദ്ധതിയാണിത്. കോഴിക്കോട് ജില്ലയിലെ ഗുണഭോക്താക്കൾക്ക് സാമൂഹ്യനീതി ദിനാഘോഷത്തോടനുബന്ധിച്ച് 2015 ഡിസംബർ മാസം വരെയുള്ള ധനസഹായം വിതരണം ചെയ്തിട്ടുണ്ട്. മറ്റ് ജില്ലകളിൽ 2015 ജൂലൈ മാസത്തിനുശേഷമുള്ള ധനസഹായം വിതരണം ചെയ്യുവാനുണ്ട്. കുടിശ്ശിക ധനസഹായം 2016 മാർച്ച് മാസത്തിൽ വിതരണം ചെയ്യുന്നതിനുള്ള സത്വര നടപടികൾ സ്വീകരിച്ച് വരുന്നു.

(സി) സാമൂഹ്യനീതി വകുപ്പിലെ ഐ.സി.ഡി.എസ്. സൂപ്പർവൈസറുടെയും ശിശുവികസന പദ്ധതി ഓഫീസറുടെയും ശിപാർശയോടുകൂടി ലഭിക്കുന്ന

LIBRARY ARCHIVES Kerala Legislative Assembly

അപേക്ഷകളിൽ കേരള സാമൂഹ്യ സുരക്ഷാ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറാണ് തീരുമാനം കൈക്കൊള്ളുന്നത്. 2015 ഡിസംബർ മാസം വരെ ലഭിച്ച ഏകദേശം 20,000-ത്തോളം അപേക്ഷകൾ തീർപ്പാക്കി ഡാറ്റാ എൻട്രി നടത്തുന്നതിനായി കുടുംബശ്രീ മിഷന്റെ ഐ.റ്റി. യൂണിറ്റിനെ ഏൽപ്പിച്ചിരിക്കുകയാണ്. ഡാറ്റാ എൻട്രി തീരുന്നമുറയ്ക്ക് പുതിയ അപേക്ഷകർക്ക് ധനസഹായം അർഹതപ്പെട്ട മാസം മുതൽ നൽകുന്നതാണ്.

ആശ്വാസകിരണം പദ്ധതി

334(1713) ശ്രീ. ടി. എൻ. പ്രതാപൻ :
ശ്രീ. ജോസഫ് വാഴക്കൻ :
ശ്രീ. ബെന്നി ബെഹനാൻ :
ശ്രീ. കെ. ശിവദാസൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് ആശ്വാസകിരണം പദ്ധതി നടപ്പാക്കിയിട്ടുണ്ടോ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കുന്നത്;

(സി) പദ്ധതി നടത്തിപ്പിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

ഉത്തരം

(എ) ഉണ്ട്.

(ബി) ഒരു മുഴുവൻ സമയ പരിചാരകന്റെ സേവനം ആവശ്യമുള്ള അവസ്ഥയിൽ കിടപ്പിലായ , രോഗികളെയും തീവ്രമായ ശാരീരിക-മാനസിക വെല്ലുവിളി നേരിടുന്നവരെയും 100% അന്ധത ബാധിച്ചവരെയും ഗുരുതരരോഗങ്ങളുള്ളവരെയും അവരുടെ ഭവനങ്ങളിൽ പരിചരിക്കുന്നവർക്ക് പ്രതിമാസ ധനസഹായം നൽകുക എന്ന ലക്ഷ്യം ഇതുവഴി കൈവരിക്കാൻ കഴിയുന്നു.

(സി) ആശ്വാസകിരണം പദ്ധതി നടത്തിപ്പിനായി സാമൂഹ്യനീതി വകുപ്പുമായി ബന്ധപ്പെട്ട അവലോകനവും ഇതുസംബന്ധിച്ച ചർച്ചയും നടത്താറുണ്ട്. ആശ്വാസകിരണം പദ്ധതി അപേക്ഷാഫോറം സാമൂഹ്യസുരക്ഷാ മിഷന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുമുണ്ട്. സാമൂഹ്യനീതി വകുപ്പിലെ ഉദ്യോഗസ്ഥരുടെ അവലോകന യോഗങ്ങളിൽ ഈ പദ്ധതിയെപ്പറ്റി ചർച്ച ചെയ്യാറുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly